# കുങ്കുമപ്പൊട്ട്

സുധീർ പണിക്കവീട്ടിൽ

ഒത്തിരി സ്നേഹത്തോടെ മുത്തശ്ശി ഉണ്ണി എന്ന് വിളിക്കുന്ന ഉണ്ണിക്രുഷ്ണനെ അവർ കൊഞ്ചിച്ച് വഷളാക്കിയെന്ന് നാട്ടുകാർ മാത്രമല്ല അയാളുടെ ചേച്ചിയും അനിയത്തിയും പറയും. "അമ്മയില്ലാത്ത കുട്ടിയല്ലേ" എന്നാണു മുത്തശ്ശിയുടെ വേവലാതി. എന്നാൽ ആ പരിഗണന എന്തു കൊണ്ട് പെൺകുട്ടികൾക്ക് കൊടുക്കുന്നില്ല എന്ന് മുത്തശ്ശിയുടെ മറ്റു മക്കൾ ചോദിച്ചാൽ മുത്തശ്ശിക്ക് ഉത്തരമില്ല.



ഉണ്ണിയുടെ ഓരോ വളർച്ചയും മുത്തശ്ശി അഭിമാനത്തോടെ നോക്കി കണ്ടു. ഉണ്ണി കോളേജിൽ ചേർന്നപ്പോൾ സന്തോഷമുണ്ടായെങ്കിലും ദൂരെ കോളേജിൽ നിന്നും വൈകുന്നേരം വൈകിയെത്തുന്ന കാര്യം മുത്തശ്ശിയുടെ മനസ്സിനെ വേദനിപ്പിച്ചു. വീട്ടുമുറ്റത്തെ സ്വന്തം നിലങ്ങൾ പൊന്നാര്യൻ കൊയ്ത്ത് കഴിഞ്ഞ് ഒഴിഞ്ഞ് കിടക്കുന്നത്കൊണ്ട് ഉണ്ണി ദൂരെ നിന്നു വരുന്നത് മുത്തശ്ശിക്ക് ഉമ്മറ കോലായിൽ ഇരുന്നാൽ കാണാം. ആയിരം കണ്ണുമായ് മുത്തശ്ശി ഉണ്ണിയെ നോക്കിയിരുന്നു. അപ്പോഴൊക്കെ മുത്തശ്ശി മരിച്ച്പോയ മകളെ ഓർത്തു, കണ്ണുനീർ വീഴ്ത്തി. മുത്തശ്ശി സങ്കടപ്പെടുന്നത് തൊഴുത്തിലെ പശുക്കൾക്കും വീട്ടിലെ നായക്കു പോലുമറിയാമെന്നാണു ഉണ്ണിയുടെ സഹോദരിമാർ പറയാറു ളളത്.. നായ പടി വരെ ഓടിപോയ് ഒരു അവലോകനം നടത്തി മുത്തശ്ശിയുടെ കാൽക്കൽ വന്നു നിന്ന് വാലാട്ടും. വിഷമിക്കേണ്ട ഉണ്ണി ഇപ്പോൾ വരുമെന്നാണത്രെ ആ സ്നേഹ പ്രകടനത്തിന്റെ അർത്ഥം.നായ്ക്കൾക്ക് മനുഷ്യരെക്കാൾ കൂടുതലായി ദൂര കാഴ്ച്ചകൾ കാണാൻ കഴിയുമെന്ന വിശ്വാസം. തൊഴുത്തിലെ പശുക്കളും വൈക്കോൽ തിന്നാതെ, കൊമ്പു കുലുക്കി ചില ശബ്ദങ്ങൾ പുറപ്പെടുവിച്ച് മുത്തശ്ശിയുടെ വേവലാതിയിൽ പങ്കു കൊള്ളും. മുത്തശ്ശിയുടെ മനസ്സ് പോലെ വാത്സല്യത്തിന്റെ അമ്രുത് ചുരത്തികൊണ്ട് നിലാവ് തൊടിയിൽ നിറഞ്ഞ് നിൽക്കും. ഉണ്ണി വരുമ്പോൾ ഇതൊക്കെ മുത്തശ്ശി അവനോട് പറയും. ഈ മുത്തശ്ശിയാണു ഏട്ടനെ കവിയാക്കിയത് എന്ന് ഇളയ സഹോദരി എല്ലാവരോടും പറയുന്നത് കേട്ട് ഉണ്ണിയും ചിന്തിക്കാൻ തുടങ്ങി അത് ശരിയാണല്ലോ, മുത്തശ്ശി എത്ര ഭംഗിയോടെയാണു ഓരോ കാര്യങ്ങളും പറയുന്നത്.. എന്ന് "

സന്ധ്യാ വന്ദനം മുത്തശ്ശിക്ക് പ്രധാനമാണു. അന്തിക്ക് വിളക്ക് വക്കുന്ന സമയത്ത് മുത്തശ്ശിയുടെ നാമജപം കഴിയാതെ ഇലക്ട്രിക്ക് വിളക്കുകൾ തെളിയിക്കാൻ മുത്തശ്ശി സമ്മതിക്കുകയില്ല. ഉണ്ണി ശബ്ദമുണ്ടാക്കാതെ വീട്ടിനുള്ളിലേക്ക് കയറിപോയി. അടുക്കളയിലെ അടുപ്പുകൾ കത്തുന്ന വെളിച്ചത്തിൽ ചേച്ചിയും അനിയത്തിയും നിൽക്കുന്നുണ്ട്. നീ എന്തേ വൈകി എന്നു ഏടത്തിയുടെ ചോദ്യം. കോളേജ് കുമാരനല്ലേ എന്ന് അനിയത്തിയുടെ മറുപടി. ആണല്ലോ

കോളേജകുമാരി എന്നു മറുപടി കൊടുക്കലും മുത്തശ്ശിയുടെ ശബ്ദം, ''കുട്ട്യോളെ ഇനി ലയ്റ്റ് ഇട്ടോളു''

ലൈറ്റ് തെളിയിക്കുമ്പോൾ ഏടത്തി പറഞ്ഞു. ''നീ വന്നില്ലേ അത് കൊണ്ട് പ്രാർത്ഥന നിർത്തിയതാ''.. അല്ലെങ്കിൽ പ്രാർത്ഥന നീ വരുന്നത് വരെ നീണ്ട് പോയേനേ.. ഈ മുത്തശ്ശിയുടെ ഒരു കാര്യം. എനിക്ക് ഒത്തിരി പഠിക്കാനുണ്ടെന്ന് പറഞ്ഞ് അനിയത്തി വെളിച്ചത്തിൽ നിൽക്കുന്ന ഉണ്ണിയെ നോക്കി ഉടനെ അവൾ അനിയന്ത്രിതമായി ചിരിക്കാൻ തുടങ്ങി. പിന്നെ ഒരു പാട്ടും. "കുപ്പായ കീശമേൽ കുങ്കുമ പൊട്ട്" . അവൾ ചിരിക്കിടയിൽ പറഞ്ഞു" ദേ ഏട്ടൻെറ പോക്കറ്റിന്മേൽ കുങ്കുമം. അപ്പോൾ ഏടത്തിയുടെ ചോദ്യം. " എന്താണ്ടാ ഇത്? "ഏത് ? എന്ന് ചോദിച്ച് ഉണ്ണി അമ്പരന്നു. അയാളും അപ്പോഴാണു അങ്ങനെ ഒരു സംഭവം അറിയുന്നത്. ഓ ഒന്നുമറിയില്ല.. അല്ലേ? അനിയത്തിയുടെ കമൻറുകൾ. ഏതായാലും കക്ഷിക്ക് വലിയ ഉയരമില്ല. അല്ലെങ്കിൽ പൊട്ട് കുറച്ച്കൂടി മേലേക്ക് കയറിയേനേ.. ഏടത്തി ഗൗരവത്തിൽ നിൽക്കയാണു.

അപ്പോഴേക്കും മുത്തശ്ശി വന്നു. "എന്താ ഇവിടെ"... നമ്മുടെ ഉണ്ണീടെ കുപ്പായത്തിൻെറ കീശമേൽ പെൺകുട്ട്യോള്ട് തൊട്ണ കുങ്കുമം ഏടത്തിയുടെ കമൻറ്. ഉടനെ ഉണ്ണി വിവരണം നൽകി. – കുങ്കുമം ഉണ്ടെന്ന് ശരി തന്നെ, പക്ഷെ അതെങ്ങനെ വന്നുവെന്നു എനിക്കറിഞ്ഞുകൂട. മുത്തശ്ശിയുടെ മുഖത്ത് വിസ്മയം, ചുണ്ടിൽ അമർത്തിയ പുഞ്ചിരി. പിന്നെ നീയ്യറിയാതെ നിൻെറ കുപ്പായത്തിൽ കുങ്കുമം തനിയെ വന്നു പറ്റിയതാണോ? അപ്പോൾ അനിയത്തി പറഞ്ഞു. ഇത് ആ വാര്യർ കുട്ടിയുടേതാകാനാണു സാദ്ധ്യത. ഏട്ടൻെറ കോളേജിൽ അവൾ മാത്രമേ കുങ്കുമം തൊടാറുള്ളു. തന്നെയുമല്ല ഏട്ടൻെറ കവിതകളുടെ ആരാധികകൂടിയാണു്. എങ്ങനെ പറ്റിയെന്ന് ഏടത്തിയുടെ ശാസിക്കുന്ന ശബ്ദം മുഴങ്ങി .

വിചാരണ നീണ്ടു പോകണ്ടന്ന് കരുതി ഉണ്ണി പറഞ്ഞു. ഓ ഇപ്പോഴാണു ഞാൻ ഓർത്തത്. ബസ്സിൽ പൂശാരി കേശുവുണ്ടായിരുന്നു. പൂശാരി കേശു നെറ്റി നിറയെ കുങ്കുമവും ഭസ്മവും തൊട്ട് നടക്കുന്ന ഒരു കുള്ളനാണു. നിൽക്കാൻ സ്ഥലമില്ലാത്തവിധം ഭയങ്കര തിരക്കായിരുന്നു ബസ്സിൽ, അയാളുടെ നെറ്റിയിൽ നിന്ന് പകർന്നതാകും. ഉണ്ണിയുടെ അടുത്ത് നിന്നാൽ അയാളുടെ ഉയരം കുപ്പായത്തിൻെറ കീശ വരെ എത്തുകയുള്ളു. എല്ലാവരും വിശ്വസിക്കുമെന്ന് കരുതിയിരിക്കുമ്പോൾ മുത്തശ്ശി ഒരു ചോദ്യം. അവൻ നിൻെറ അടുത്ത് നിന്നാൽ അവൻെറ കുടവയറല്ലേ നിൻെറ ശരീരത്തിൽ തട്ടുകയുള്ളു. നെറ്റി എങ്ങനെ മുട്ടും. മുത്തശ്ശി നിഷ്ക്കളങ്കമായി പറഞ്ഞതാണേലും അത് കേട്ടു അനിയത്തിയും ഏടത്തിയും പൊട്ടിച്ചിരിച്ചു.

ഏട്ടാ.. വീണേടത്ത് കിടന്ന് ഉരുളണ്ട, ഇത് സുജാത കെ.ജി. എന്ന സുന്ദരികുട്ടിയുടെ തിരുനെറ്റിയിൽ നിന്ന് പകർന്ന അനുരാഗ പരാഗരേണുക്കളാണു. അനിയത്തി സാഹിത്യത്തിൽ പറഞ്ഞത് മുത്തശ്ശിക്ക് മനസ്സിലായില്ല. എന്നാലും ഉണ്ണി വിഷമിക്കുന്നത് മുത്തശ്ശിക്ക് സഹിക്കാൻ കഴിയില്ല. അത് കൊണ്ട് മുത്തശ്ശി പറഞ്ഞു. മതി, മതി ഉണ്ണി പോയി കൈകാൽ കഴുകി ശുദ്ധിയായി വരൂ, ചായയും പലഹാരവും കഴിക്കാം.

വാസ്തവത്തിൽ ഉണ്ണിക്ക് അറിയില്ലായിരുന്നു അത് എങ്ങനെ പറ്റിയെന്ന്. പിറ്റെ ദിവസം സുജാതയുടെ വീർത്ത് കെട്ടിയ മുഖം കണ്ടപ്പോൾ എന്തോ പന്തി കേട് തോന്നി. അവളോട് സംസാരിക്കാൻ ചെന്നപ്പോൾ "എന്നോട് മിണ്ടണ്ട എന്ന്" പറഞ്ഞു. മിണ്ടണ്ടെങ്കിൽ വേണ്ടെന്ന് പറഞ്ഞ് ഉണ്ണി തിരിഞ്ഞ് നടന്നപ്പോൾ അവൾ പിന്നാലെ ഓടി വന്ന് പരിഭവം പറഞ്ഞു.ആ പട്ടത്തി മുത്തുലക്ഷ്മിയെ ഞാൻ ഒരു പൂശ് പൂശും. അയ്യോ അത്. നമ്മുടെ ഹിസ്റ്ററി ലെക്ചറർ അല്ലേ? ലെക്ചറർ ലെക്ചററുടെ നിലക്ക് നിൽക്കണം. അവളിന്നലെ ഉണ്ണിയോട് ചാരി നിന്ന് ലൈബ്രറിയിൽ വച്ച് എന്താണു പറഞ്ഞത്. അപ്പോഴാണു ഉണ്ണിക്ക് ഷർട്ടിൽ പറ്റിയ കുങ്കുമപ്പൊട്ടിൻെറ രഹസ്യം മനസ്സിലായത്. അത് മറച്ച വച്ച് അയാൾ പറഞ്ഞു. ലെക്ചറർ എൻെറ കവിതകളെപറ്റി പറയുകയായിരുന്നു. എന്നാൽ അവർ ചാരി നിന്നതായി

തോന്നിയില്ല. ചാരി തന്നെയാണു നിന്നത്. ഉണ്ണിക്കെങ്കിലും അത് മനസ്സിലാക്കി മാറി നിൽക്കാമായിരുന്നു. അതെങ്ങിനെ , കവികൾക്ക് കാമിനിമാരുടെ സ്പർശനം സുഖകരമായിരിക്കും അല്ലേ? കള്ളന്മാർ. സുജാത ഒറ്റ ശ്വാസത്തിൽ പറഞ്ഞ് തീർത്തു. അവളുടെ പരാതി തീർന്നു എന്ന് അയാൾ സമാധാനിക്കവെ അവൾ വീണ്ടും തുടങ്ങി.  ഇയ്യാള് ഉണ്ണിക്രുഷ്ണനല്ലേ? വലിയ ക്രുഷ്ണനാകുമ്പോൾ ഗോപികമാരായി കറങ്ങാം. തൽക്കാലം രാധയായ എന്നെ മാത്രം സ്നേഹിച്ചാൽ മതി.  സുജാതക്ക് കോപം വന്നുകൊണ്ടിരുന്നു. ഇപ്പോഴും വരുന്നുണ്ടായിരിക്കും. എന്നാൽ ഇപ്പോൾ അവൾ എവിടെയാണെന്ന് യാതൊരു വിവരവുമില്ല.

ശുഭം